**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 399** **14-03-2023 - ൽ മറുപടിയ്ക്ക്**

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലെയും ആഗോളതലത്തിലെയും മികച്ച തൊഴിലവസരങ്ങൾ കരസ്ഥമാക്കുന്നതിന് സംസ്ഥാന നൈപുണ്യ വികസന മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | (എ) രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലെയും ആഗോള തലത്തിലെയും മികച്ച തൊഴിൽ അവസരങ്ങൾ കരസ്ഥമാക്കുന്നതിനു കേരളത്തിലെ യുവതി യുവാക്കൾക്ക് അവസരം നൽകുന്നതിനായി സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിലൂടെ നടത്തിവരുന്നു. KASE നടത്തി വരുന്ന പ്രവർത്തനങ്ങൾ അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. നാളിതുവരെ 1,98,032 പേർക്ക് നൈപുണ്യ പരിശീലനവും 90,122 പേർക്ക് തൊഴിൽ നേടിക്കൊടുക്കുന്നതിനും KASE ന് സാധിച്ചിട്ടുണ്ട്. |
| (ബി) | വിദേശ തൊഴിൽ സാധ്യത വികസിപ്പിക്കുന്നതിനും നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായും ഇംഗ്ലീഷ് ഭാഷ പരിശീലനത്തിനായും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (ബി) | ബി) നോർക്കയും ഒഡെപെക് - മായി ചേർന്ന് വിവിധ വിദേശ രാജ്യങ്ങളിൽ നിന്ന് നമ്മുടെ ഉദ്യോഗാർഥികൾക്ക് അനുകൂലമായ തൊഴിൽ അവസരങ്ങൾക്ക് വേണ്ടുന്ന നൈപുണ്യ വികസന പ്രവർത്തനങ്ങൾ KASE ചെയ്തു കൊടുക്കുന്നു . വിദേശ തൊഴിൽ സാധ്യത വികസിപ്പിക്കുന്നതിനായി KASEന്റെ മികവിന്റെ കേന്ദ്രങ്ങൾ മുഖേനയും അക്രെഡിറ്റഡ് ഏജൻസികൾ വഴിയും വിവിധ കോഴ്സുകൾ നടത്തിവരുകയും നാളിതുവരെ 20282 പേർക്ക് പരിശീലനം നൽകുകയും 5171 പേർക്ക് നിയമനം നൽകുകയും ചെയിതിട്ടുണ്ട്. ഇതിൽ 1262 പേർക്ക് വിദേശത്തു തൊഴിൽ ലഭ്യമായിട്ടുണ്ട്.<br><br>നഴ്സിങ് മേഖലയിൽ KASE ന്റെ മികവിന്റെ കേന്ദ്രമായ NICE (Nursing Institute for CareerEnhancement) മുഖേന വിവിധ നൈപുണ്യ വികസന പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിലൂടെ നാളിതുവരെ 1090 പേർക്ക് പരിശീലനം നൽകുകയും 401 പേർക്ക് നിയമനം നൽകുകയും ചെയിതിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇംഗ്ലീഷ് ഭാഷ പരിശീലനത്തിനായി KASE- ഉം ഒഡെപെക് (ODEPC) മായി സഹകരിച്ച് Multi Language Learning Institute എന്നപേരിൽ അങ്കമാലിയിൽ ഇൻകെൽ ടവറിൽ IELTS/OET എന്ന ഒരു പരിശീലന കേന്ദ്രം പ്രവർത്തിച്ചു വരുന്നു. വിദേശത്തേയ്ക്കായി തൊഴിൽ നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെയാണ് ഇങ്ങനെയൊരു ഭാഷ പരിശീലന കേന്ദ്രം ലക്ഷ്യം വയ്ക്കുന്നത്. നാളിതുവരെ 99 പേർക്ക് പരിശീലനം നൽകുകയും ചെയിതിട്ടുണ്ട്. |
| (സി) | ഉദ്യോഗാർത്ഥികൾ വഞ്ചിക്കപ്പെടാതിരിക്കാനുള്ള സാഹചര്യം ഒരുക്കുന്നതിന് ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലന സ്ഥാപനങ്ങൾക്ക് കെയ്സ് അക്രെഡിറ്റേഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | (സി) ഉണ്ട്, എൻ സി വി ടി യുടെ സംസ്ഥാനതല ഏജൻസിയായ എസ് സി വി ടി യെ ശക്തിപ്പെടുത്തി അതിന്റെ സെക്രട്ടറിയേറ്റായി KASE നെ ചുമതലപ്പെടുത്തി കൊണ്ട് സ്വകാര്യ മേഖലയിലെ പരിശീലന പങ്കാളികൾക്ക് അക്രെഡിറ്റേഷൻ നൽകുക വഴി അവരുടെ പരിശീലനത്തിന്റെയും പരിശീലകരുടെയും ഗുണനിലവാരം, അമിതമായ ഫീസ് ഈടാക്കുന്നത് തടയുക ഇങ്ങനെയുള്ള ശ്രമങ്ങൾക്ക് KASE തുടക്കം കുറിച്ചിട്ടുണ്ട്. മാത്രമല്ല വ്യവസായ ആവശ്യത്തിലൂന്നി കരിക്കുലം രൂപീകരിക്കുകയും കോഴ്സുകൾ വിപുലമാക്കുകയും ചെയ്യുന്നതിനായി സെക്ടർ സ്കിൽ കൗൺസിലുകളുമായി സഹകരിച്ചുകൊണ്ട് എൻ.ക്യു.ആറിൽ (NQR) രജിസ്റ്റർ ചെയ്തിട്ടുള്ള പുതിയ കോഴ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>നൈപുണ്യ പരിശീലന മേഖലയിൽ ഗുണനിലവാരവും ആധികാരികതയും ഉറപ്പുവരുത്തുന്നതിന് വേണ്ടി സംസ്ഥാന നൈപുണ്യ വികസന മിഷനും സ്കിൽ സെക്രട്ടറിയേറ്റും ആയ KASE ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് iSTEP. ഈ പദ്ധതിയിലൂടെ വ്യവസായ രംഗത്തെ ആവശ്യകതകൾക്കനുസരിച്ച് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പങ്കാളികളെ തിരഞ്ഞെടുക്കുന്നു. ത്രിതല പരിശോധനകൾക്കു ശേഷമാണ് ഏജൻസികളെ എംപാനൽ ചെയ്യുന്നത്. ഇതിലെ ആദ്യ ഘട്ടം വിശദമായ പദ്ധതി സമർപ്പിക്കലാണ്. iSTEP ന്റെ ഭാഗമായി ക്ഷണിക്കുന്ന താല്പര്യ പത്രത്തിന് മറുപടിയായാണ് വിശദമായ പദ്ധതി വിവരണം സമർപ്പിക്കേണ്ടത്. ഇത്തരത്തിൽ ലഭിക്കുന്ന പദ്ധതികൾ വിശകലനം ചെയ്യുന്നതിനായി വ്യവസായ രംഗത്തെയും അക്കാഡമിക് രംഗത്തെയും വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ബിസിനസ് അഡ്വൈസറി കമ്മിറ്റി (BAC) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 29 തൊഴിൽ മേഖലകളിൽ ഇത്തരത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സമർപ്പിക്കപ്പെട്ട പദ്ധതിയിൻമേലുള്ള BAC യുടെ പരിശോധന പൂർത്തിയായതിനു ശേഷം പദ്ധതി സമർപ്പിച്ച ഏജൻസിയുടെ ക്ലാസ് മുറികൾ ഉൾപ്പെടുന്ന സ്ഥലം സന്ദർശിക്കുകയും അനുയോജ്യമായ പദ്ധതികൾക്ക് അംഗീകാരം നൽകുകയും ചെയ്യും. ഇപ്രകാരം അംഗീകാരം നൽകിയ പദ്ധതികളിലെ കോഴ്സുകളുടെ ഫീ നിശ്ചയിക്കുന്നത് വിദഗ്ധരടങ്ങുന്ന cost Committee ആണ്. ഇപ്രകാരം അംഗീകരിക്കുന്ന കോഴ്സുകളിൽ പ്രധാന മാനദണ്ഡമായി പരിഗണിക്കുന്നത് വ്യവസായ പങ്കാളിയുമായുള്ള ബന്ധം, മുൻകാലങ്ങളിലെ നൈപുണ്യ പരിശീലന പരിചയം എന്നിവയാണ്. അക്രെഡിറ്റേഷൻ കൂടുതൽ സുഗമവും ആയാസരഹിതവും ആക്കുന്നതിനായി ഓപ്പൺ അസോസിയേഷൻ മോഡലിന് പ്രാഥമിക അംഗീകാരം നൽകിയിട്ടുണ്ട്. ഇതിലൂടെ സ്റ്റാർട്ടപ്പുകൾ, MSME, ട്രസ്റ്റുകൾ തുടങ്ങി കോർപ്പറേറ്റ് രംഗത്തെ കമ്പനികൾക്കുൾപ്പെടെ നൈപുണ്യ പരിശീലന മേഖലയിൽ അക്രെഡിറ്റേഷൻ നേടാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

**ദേശീയ തലത്തിലും അന്തർ ദേശീയ തലത്തിലും തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ**

1. സംരംഭകത്വ നൈപുണ്യ വികസന മന്ത്രാലയവുമായി സഹകരിച്ച് , NSDCI മുഖേന ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നൈപുണ്യ വിദഗ്ധരുടെ ആവശ്യകത ക്രോഡീകരിച്ച് കേരളത്തിൽ നിന്നുള്ള യുവതീയുവാക്കൾക്ക് അവസരം നൽകി വരുന്നു . സെക്ടർ സ്കിൽ കൗൺസിലുകളുമായും ഇതര വ്യവസായ പ്രമുഖരുമായി സഹകരിച്ചും ദേശീയ തലത്തിലുള്ള അവസരങ്ങൾ മനസിലാക്കി കേരളത്തിലെ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു.

2. വലിയതോതിൽ നൈപുണ്യ പരിശീലനം നടത്തുന്നതിനായുള്ള ട്രെയിനിങ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിന് വേണ്ടി വിവിധ സെക്ടർ സ്കിൽ കൗൺസിലുകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വകാര്യ പരിശീലന പങ്കാളികളെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് അക്രെഡിറ്റേഷൻ നൽകി നിയമാനുസൃതവും സംസ്ഥാനത്തിന്റെ ദീർഘകാല താല്പര്യത്തിന് അനുയോജ്യവുമായ നൈപുണ്യ വികസനം നടത്തി വരുന്നു. വ്യവസായ ആവശ്യത്തിലൂന്നി കരിക്കുലം രൂപീകരിക്കുകയും കോഴ്സുകൾ വിപുലമാക്കുകയും ചെയ്യുന്നതിനായി സെക്ടർ സ്കിൽ കൗൺസിലുകളുമായി സഹകരിച്ചുകൊണ്ട് എൻക്യു ആറിൽ (NQR) രജിസ്റ്റർ ചെയ്തിട്ടുള്ള പുതിയ കോഴ്സുകളും അതിനനുസൃതമായി പരിശീലകരേയും ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ജോബ് പോർട്ടൽ സ്ഥാപിച്ച് അതുവഴി ഇൻഡസ്ട്രിയിൽ നിന്നുള്ള വിവിധ ഡിമാന്റുകൾ ക്രോഡീകരിക്കുകയും അതിന് അനുസൃതമായി എല്ലാ ജില്ലകളിലും തൊഴിൽമേളകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. കൂടാതെ ഇൻഡസ്ട്രിക്ക് ആവശ്യമായ തൊഴിൽ മേഖലയിൽ യുവതി യുവാക്കൾക്ക് പരിശീലനം നൽകി അവസരങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

a. അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് അനുയോജ്യമായ തൊഴിൽ ക്ഷമത ആർജ്ജിക്കുവാൻ തൊഴിൽ അന്വേഷകരെ സഹായിക്കുക എന്ന ലക്ഷ്യം നിറവേറ്റാൻ സ്കിൽ ഗ്യാപ്പ് സ്റ്റഡി നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരികയാണ്. ഏതു മേഖലയിലേക്കാണ് തൊഴിൽ അവസരം ഉള്ളതെന്നും വ്യവസായത്തിന്റെ ആവശ്യം എന്താണെന്ന് മനസ്സിലാക്കാനും അതനുസരിച്ച് വ്യവസായികൾക്ക് ആവശ്യമുള്ള മേഖലകളിൽ വ്യാവസായിക അടിസ്ഥാനത്തിലുള്ള പരിശീലനം നൽകുന്നതിനും സ്കിൽ ഗ്യാപ് സ്റ്റഡി നടത്തുന്നതാണ്.

b. നഗര ഗ്രാമ വ്യത്യാസമില്ലാതെ അവസരങ്ങൾ എല്ലാവർക്കും ലഭ്യമാകുന്ന തരത്തിൽ എല്ലാ ജില്ലകളിലും കൗശൽ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് സ്കിൽ കമ്മിറ്റി സ്ഥാപിച്ച് അതുവഴി നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരികയും ചെയ്യുന്നു.

c. അന്താരാഷ്ട്ര സ്ഥാപനങ്ങളും വ്യാവസായിക കൂട്ടായ്മകളും വിദഗ്ധരുമായി ചേർന്ന് നൈപുണ്യ വികസനത്തിനും തൊഴിൽ സാധ്യതയ്ക്കുമായി ദീർഘകാലം നിലനിൽക്കുന്ന ബന്ധം സ്ഥാപിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് KASE സ്വീകരിച്ചു വരുന്നത്. വിവിധ മേഖലകളിൽ, ലളിതവും വേഗത്തിലും കാര്യക്ഷമവുമായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്

Scanned by CamScanner

iSTEP(International Skill Training and Employability Programme) എന്ന പേരിൽ ഒരു നവീന പദ്ധതി ആവിഷ്കരിച്ചു. അന്താരാഷ്ട്ര സ്ഥാപനങ്ങളും വ്യാവസായിക കൂട്ടായ്മകളും വിദഗ്ധരുമായി ചേർന്ന് നൈപുണ്യ വികസനത്തിനും തൊഴിൽ സാധ്യതയ്ക്കുമായി ദീർഘകാലം നിലനിൽക്കുന്ന ബന്ധം സ്ഥാപിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇത്തരം മാതൃകകളിലെല്ലാം തന്നെ ഇതിനാവശ്യമായ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ KASE നൽകുന്നതാണ്.

**മികവിന്റെ കേന്ദ്രങ്ങളുടെ (COEs) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

1. **NICE (Nursing Institute for Career Enhancement)**

നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 02.07.2015 മുതൽ പ്രവർത്തിച്ചുവരുന്നു. Trivandrum Specialists Hospital-മായി സഹകരിച്ചാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. വിവിധ തലത്തിലുള്ള നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം, ആശയവിനിമയത്തിനുള്ള കഴിവുകൾ, കമ്പ്യൂട്ടർ അവബോധം, ഇംഗ്ലീഷ് ഭാഷാ പരിശീലനം എന്നിവ ഉൾപ്പെടുന്ന കോഴ്സുകൾ നടത്തുക, അനുയോജ്യമായ അന്താരാഷ്ട്ര, ആഭ്യന്തര തൊഴിൽ സാധ്യതകൾ കണ്ടെത്തുക, അന്താരാഷ്ട്ര പ്ലേസ്മെന്റ് രംഗത്തെ തടസ്സങ്ങളെ തരണം ചെയ്യാൻ സഹായിക്കുക എന്നിവയാണ് NICE ന്റെ ലക്ഷ്യങ്ങൾ. മിനിസ്ട്രി ഓഫ് ഹെൽത്ത്, ഹെൽത്ത് അതോറിറ്റി, ഖത്തർ മിനിസ്ട്രി ഓഫ് ഹെൽത്ത്, തുടങ്ങിയവയുടെ യോഗ്യതാ പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനവും പാഠ്യപദ്ധതിയുടെ ഭാഗമാണ്.

2. **ESPOiR(Enlighten Skills Program for Oil & Rig)**

ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ Enlighten Skills Program for Oil & Rig (ESPOiR) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 06-12-2015 മുതൽ പ്രവർത്തിച്ചുവരുന്നു. ഖത്തർ ആസ്ഥാനമായുള്ള Eram Engineering Pvt Ltd മായി സഹകരിച്ചാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. Instrument Technician, Industrial Electrician, Welder, Pipe Fabricator, Pipe Fitter തുടങ്ങി വിവിധ ട്രേഡുകളിൽ മികച്ച രീതിയിൽ പരിശീലനം നൽകി വരുന്നു.

**3. Incubator/ Co-Working Space**

സംസ്ഥാനത്തുടനീളം മൂല്യവർദ്ധിത ഉല്പന്ന മേഖലയിലും സേവന മേഖലയിലും കൂടുതൽ പുതിയ വ്യവസായ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനായി വ്യവസായ വകുപ്പിനു കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെനർഷിപ്പ് ഡെവലപ്മെന്റ്-മായി (KIED) സഹകരിച്ച് എന്റർപ്രൈസ് ഡെവലപ്മെന്റ് സെന്റർ (EDC)/ ഇൻക്യൂബേറ്റർ- കോ-വർക്കിംഗ് സ്പേസ് എന്ന പേരിൽ സംരംഭകത്വ വികസന കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. 8000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഇൻക്യൂബേറ്റർ-കോ-വർക്കിംഗ് സ്പേസ് എറണാകുളം അങ്കമാലിയിൽ ഇങ്കൽ ടവർ-1 -ലാണ് സ്ഥിതി ചെയുന്നത്.

**4. Centre of Excellence in Renewable Energy**

കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ സംസ്ഥാന നോഡൽ ഏജൻസി ആയ അനെർട്ടും(*ഏജൻസി ഫോർ ന്യൂ ആന്റ് റിന്യൂവബിൾ എനർജി റിസർച്ച് ആൻഡ് ടെക്നോളജി)* KASE-ഉം കൈ കോർത്തുകൊണ്ട് ഈ മേഖലയിലെ ആദ്യത്തെ മികവിന്റെ കേന്ദ്രം

Scanned by CamScanner

തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്. അക്ഷയോർജ്ജ, വൈദ്യുത വാഹനങ്ങളുടെ സാങ്കേതിക വിദ്യ, സോളാര് പാനലുകളുടെ ഇൻസ്റ്റലേഷന് ഉൾപ്പെടെ വിവിധ മേഖലകളിലായി പരിശീലന പരിപാടികൾ വിഭാവനം ചെയ്തിട്ടുണ്ട്. തിയറി ക്ലാസ്സുകൾക്ക് പുറമേ പ്രായോഗിക പരിശീലനവും വ്യാവസായിക സംരംഭങ്ങളിലെ തൊഴിൽ മേഖലയിൽ ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം തുടങ്ങിയവയിൽ ഊന്നൽ നൽകി കൊണ്ടാണ് പാഠഭാഗങ്ങൾ ഒരുക്കിയിരിക്കുന്നത്. രാജ്യത്തിനകത്തും പുറത്തും വർദ്ധിച്ചുവരുന്ന ഹരിതോർജ്ജ തൊഴിലവസരങ്ങളിൽ ഉദ്യോഗാർത്ഥികൾക്ക് നേരിട്ട് പങ്കെടുക്കാനും തൊഴിൽ ലഭ്യമാക്കുവാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

## 5. Centre of Excellence in Life Science

സംസ്ഥാനത്ത് ലൈഫ് സയൻസ് മേഖലയിൽ സംരഭകത്വവും തൊഴിൽ സാധ്യതയും ഉയർത്തുക എന്ന ലക്ഷ്യത്തോടെ നെയ്യാറ്റിൻകരയിൽ സ്ഥിതി ചെയ്യുന്ന Noorul Islam Institute of Medical Science (NIMS) & Research Foundation എന്ന സ്ഥാപനവുമായി ചേർന്ന് Life Science മേഖലയിൽ ഒരു പുതിയ മികവിന്റെ കേന്ദ്രം ആരംഭിച്ചിട്ടുണ്ട് . NIMS ന്റെ ഒരു initiative ആയ NIMS-Har Gobind Khorana Bio-Technology, Molecular Diagnostic Techniques അടിസ്ഥാനമാക്കിയുള്ള തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചുള്ളവയാണ്. ഈ പരിശീലന പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് ഇന്ത്യക്കകത്തും പുറത്തും ലൈഫ് സയൻസ് മേഖലയിൽ തൊഴിൽ നേടാൻ പ്രാപ്തിയുള്ളവരായി തീരാൻ സാധിക്കും. മനുഷ്യ ശരീരത്തിന്റെ, ആരോഗ്യത്തിനും അസുഖങ്ങൾക്കും ജനിതക ഘടനയ്ക്കുള്ള പ്രാധാന്യവും ഇവയ്ക്ക് പാരിസ്ഥിതിക ചുറ്റുപാടുകളും ജീവിത രീതിയും തമ്മിലുള്ള ബന്ധം മനസിലാക്കുകയും ജനിതക ഘടനയുടെയും ജീനുകളുടെയും വിശകലനം നടത്തി അവയ്ക്ക് പരിഹാരം കണ്ടെത്താനുമുള്ള ഗവേഷണാത്മക പരിശീലനം ആണ് പ്രസ്തുത കേന്ദ്രത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. BSc Life Science/B Pharm/MBBS/BTech (Biotechnology) എന്നീ കോഴ്സുകളിലേക്ക് പ്രവേശനം ലഭ്യമാണ്. 6 മുതൽ 8 ആഴ്ച വരെയാണ് കോഴ്സിന്റെ ദൈർഘ്യം

## 6. Multi-Language Learning Institute

KASE- ഉം ഒഡെപെക് (ODEPC) യുമായി സഹകരിച്ച് Multi Language Learning Institute എന്നപേരിൽ അങ്കമാലിയിൽ ഇൻകെൽ ടവറിൽ IELTS/OET എന്ന ഒരു പരിശീലന കേന്ദ്രം പ്രവർത്തിച്ചു വരുന്നു വിദേശത്തേയ്ക്കായി തൊഴിൽ നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെയാണ് ഇങ്ങനെയൊരു ഭാഷ പരിശീലന കേന്ദ്രം ലക്ഷ്യം വയ്ക്കുന്നത് . IELTS, OET, German ഭാഷ പരിശീലനങ്ങളാണ് ഈ കേന്ദ്രത്തിലൂടെ നടത്തി വരുന്നത്.

## 7. Occupational Training and Examination Centre (OTEC)

KASE- ഉം ഒഡെപെക് (ODEPC) യുമായി സഹകരിച്ച് Occupation Training and Exam Centre (OTEC) എന്ന പേരിൽ അങ്കമാലിയിൽ ഇൻകെൽ ടവറിൽ Occupational English Test- നായി (OET) ഒരു പരീക്ഷ കേന്ദ്രം പ്രവർത്തിച്ചു വരുന്നു. ഗൾഫ് രാജ്യങ്ങളിലെയും യൂറോപ്യൻ രാജ്യങ്ങളിലെയും തൊഴിലവസരങ്ങൾ, ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ യുവജനതയ്ക്ക് മുന്നിൽ തുറന്നു കൊടുക്കുന്നതിനൊപ്പം തന്നെ ഇത്തരം തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ പാകപ്പെടുത്തിയെടുക്കുന്നതിനു കൂടി സാഹചര്യമൊരുക്കുന്നതിനായാണ് OTEC പ്രവർത്തിക്കുന്നത്. ഉന്നത നിലവാരത്തിലുള്ള

Scanned by CamScanner

തൊഴില് പരിശീലനം നല്കുന്ന സ്ഥാപനങ്ങൾക്ക് KASE ന്റെ അക്രഡിറ്റേഷന് ലഭ്യമാക്കുക വഴി തങ്ങളുടെ പരിശീലന പദ്ധതി ലോകോത്തര നിലവാരത്തിലുള്ളതാണെന്ന വസ്തുത പൊതു സമൂഹത്തിന് മുന്നില് അവതരിപ്പിക്കാനും അതിന്റെ ഫലമായി മികച്ച ഉദ്യോഗാര്ഥികളെ പരിശീലിപ്പിക്കാനുള്ള അവസരം ലഭിക്കാനും സാധിക്കും. ഈ കോഴ്സുകള് പൂര്ത്തിയാക്കുന്ന ഉദ്യോഗാര്ഥികള്ക്ക് മികച്ച തൊഴില് അവസരങ്ങള് സ്ഥാപനങ്ങള് മുഖേന തന്നെ ലഭിക്കുന്നു. ഇത്തരത്തിൽ കൊച്ചിയിൽ പ്രവര്ത്തിക്കുന്ന M/s. Sports Research Management Institute എന്ന സ്ഥാപനം നടത്തുന്ന കായിക മേഖലയിലെ KASE അംഗീകാരം ഉള്ള PG Diploma in Sports Management, Certified Sports Manager, Advanced Diploma in Sports Business and Advanced Diploma in Sports Engineering എന്നീ കോഴ്സുകളുടെ പരിശീലനം പുരോഗമിച്ചു വരുന്നു.

8. 35 വയസ്സ് കഴിഞ്ഞ തൊഴിൽ ക്ഷമതയുള്ള ആൾക്കാരെയും തനത് മേഖലകളിൽ അന്യം നിന്നുപോയ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആൾക്കാരെയും ലാഭകരമല്ലാത്ത മേഖലകളിൽ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആൾക്കാരെയും പുതിയ തൊഴിൽ മേഖലയിൽ പരിശീലനം നൽകുക വഴി അവർക്ക് പുതിയ തൊഴിൽ അവസരങ്ങൾ നൽകാനുള്ള പദ്ധതി ആസൂത്രണം ചെയ്തു വരുന്നു. (Reskilling - Redeployment)

**നൈപുണ്യ വികസനത്തിന് തുല്യ അവസരം ലഭ്യമാകുവാനും അർഹരായവർക്ക് സാമ്പത്തിക സഹായം നൽകുവാനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ**

a. സർക്കാരിന്റെ വിവിധ വകുപ്പുമായി സഹകരിച്ചുകൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ട വിവിധ സാമൂഹിക വിഭാഗങ്ങൾക്ക് നൈപുണ്യ വികസനത്തിന് അവസരം ലഭ്യമാക്കുന്നതിന് അർഹരായവർക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

b. കേന്ദ്രാവിഷ്കൃത പദ്ധതികളായ PMKVY, SANKALP എന്നിവ പ്രയോജനപ്പെടുത്തി, വിവിധ ഗുണഭോക്താക്കൾക്കുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

c. കോർപ്പറേറ്റുകളുടെയും മറ്റ് എൻജിഒകളുടെയും സഹായത്തോടുകൂടി അവരുടെ സി എസ് ആർ ഫണ്ട് ഉപയോഗിച്ച് പരിശീലനം നൽകാനുള്ള ശ്രമങ്ങൾ പുരോഗമിച്ചു വരുന്നു.

3. നൈപുണ്യ വികസനത്തിന് തുല്യ അവസരം ലഭ്യമാക്കുന്നതിന് വേണ്ടിയും അർഹരായവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും, നൈപുണ്യ വികസനം എല്ലാവരിലേക്കുമായി എത്തിക്കുന്നതിനും നൈപുണ്യത്തിന്റെ ആവാസ വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

a. നൈപുണ്യ വികസനത്തിന്റെ ആവാസ വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് വേണ്ടിയുള്ള അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നു.

b. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ മികവിന്റെ കേന്ദ്രങ്ങൾ, കൗശൽ കേന്ദ്രങ്ങൾ, ഇൻകുബേറ്ററുകൾ എന്നിവ സ്ഥാപിക്കുന്നതാണ്.

c. വലിയതോതിൽ നൈപുണ്യ പരിശീലനം നടത്തുന്നതിനായുള്ള ട്രെയിനിങ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിന് വേണ്ടി സ്വകാര്യ പരിശീലന പങ്കാളികളെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് അക്രെഡിറ്റേഷൻ നൽകി നിയമാനുസൃതവും സംസ്ഥാനത്തിന്റെ ദീർഘകാല താല്പര്യത്തിനു അനുയോജ്യമായും നൈപുണ്യ വികസനം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ

Scanned by CamScanner